# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 21 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### അവലോകന യോഗം: ഭക്ഷ്യസുരക്ഷയിൽ കൂടുതൽ ശ്രദ്ധവേണമെന്ന് ആവശ്യം

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട പ്രധാന വകുപ്പുകളുടെ പ്രവർത്തനം അവലോകനം ചെയ്തു. ദേവസ്വം ബോർഡ് പ്രസിഡന്റ് അധ്യക്ഷത വഹിച്ച യോഗത്തിൽ ബോർഡ് അംഗം അഡ്വ. എൻ വിജയൻ, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് അനു എസ് നായർ, സ്പെഷ്യൽ ഓഫീസർ രാജീവ്, വിജിലൻസ് എസ് പി ബിജോയ് തുടങ്ങിയവർ പങ്കെടുത്തു.

തീർഥാടകർക്ക് ലഭ്യമാക്കുന്ന ഭക്ഷണ പാനീയങ്ങളുടെ ഗുണനിലവാരവും സുരക്ഷിതത്വവും ഉറപ്പു വരുത്തണമെന്ന് ദേവസ്വം പ്രസിഡന്റ് എ എ പത്മകുമാർ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരോട് നിർദേശിച്ചു. ശബരിമലയിലും നിലയ്ക്കലും കുടിവെള്ളത്തിനായി സ്ഥാപിച്ചിട്ടുള്ള കിയോസ്കുകളുടെ ശുചിത്വം എല്ലാദിവസവും പരിശോധിക്കാനും പ്രസിഡന്റ് ബന്ധപ്പെട്ടവർക്ക് നിർദേശം നൽകി.

ശബരിമല ചിലർക്ക് പണം സമ്പാദിക്കാനുള്ള മാർഗം മാത്രമായി മാറിയിട്ടു ന്നും ഭക്തരെ ചൂഷണം ചെയ്യുന്ന മാഫിയ സന്നിധാനത്തും മററും പിടിമുറുക്കിയിട്ടു ന്നും പ്രസിഡന്റ് പറഞ്ഞു. ഇത്തരക്കാരെ പിടികൂടി കർശനമായ നടപടി സ്വീകരിക്കാൻ പൊലീസിനോടും വിജിലൻസിനോടും ആവശ്യപ്പെട്ടിട്ടു ന്നും പ്രസിഡന്റ് പറഞ്ഞു.

അയ്യപ്പൻമാരുടെ സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ
പ്രത്യേക സ്ഥലത്തേക്ക് മാറ്റുന്നതിന് വനംവകുപ്പ് നടപടി സ്വീകരിക്കണം. ഇ
തിനായി പ്രത്യേക സ്ഥലം വേലികെട്ടി തിരിക്കുകയും ഇവിടേക്ക് മാറ്റിയ പ
ന്നികളെ സീസൺ കഴിയുമ്പോൾ തുറന്നു വിടുകയും ചെയ്യുന്ന രീതിയിൽ
ക്രമീകരണം നടത്തണം. എക്സൈസ്, ഫയർ ഫോഴ്സ് എന്നിവയുടെ നി
രീക്ഷണം ശക്തമാക്കണമെന്നും പ്രസിഡന്റ് പറഞ്ഞു.

(പി.ആർ. ശബരി-336)

## ജനുവരി ആദ്യവാരം പുൽമേട്ടിലും ബി എസ് എൻ എൽ കവറേജ്

കൂടുതൽ സേവനം ലഭ്യമാക്കുന്നതിന് ജനുവരി ആദ്യവാരം മുതൽ പുൽമേ
ട്ടിലും ബി എസ് എൻ എൽ കവറേജ് ലഭ്യമാക്കും. മകരവിളക്കിനോട് അനു
ബന്ധിച്ച് ഇതുവഴി തീർഥാടകരുടെ തിരക്ക് വർധിക്കും എന്നതിനാലാണ് നട
പടിയെന്ന് സന്നിധാനം സബ്ഡിവിഷണൽ എൻജിനീയർ ജയരാജ് പറഞ്ഞു.
പുൽമേട്ടിൽ താത്കാലിക ടവർ സ്ഥാപിച്ചാണ് കവറേജ് നൽകുക. പുൽമേട്ടി
ലേക്ക് കേബിൾ കണക്ഷൻ ഇല്ലാത്തതിനാൽ മൈക്രോവേവ് മീഡിയമാണ് ഉ
പയോഗപ്പെടുത്തുക. നിലവിൽ കുന്നാർ വരെ മാത്രമേ ബി എസ് എൻ എൽ
കവറേജ് ഉള്ളു. സന്നിധാനത്തും പരിസരത്തുമായി ആകെ 13 ബി എസ്
എൻ എൽ ടവറുകളാണ് ഇപ്പോൾ ഉള്ളത്. സന്നിധാനം ഓഫീസിലും പമ്പ
യിലും നിലയ്ക്കലും റീചാർജ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങളും ഒരുക്കി
യിട്ടു ്. നിലയ്ക്കലിൽ പരാതികൾ അറിയിക്കാനുള്ള സംവിധാനവും ഉ ്.

(പി.ആർ. ശബരി-337)

## ആപത്തിൽ ഓടിയെത്താൻ 215 അപ്പസേവാ സംഘം പ്രവർത്തകർ

തീർഥാടകർ കുഴഞ്ഞുവീണാൽ സ്ട്രക്ചറുമായി ആദ്യമെത്തുക അഖി
ലഭാരത അയ്യപ്പസേവാ സംഘം പ്രവർത്തകർ ആയിരിക്കും. അപകടം പറ്റി
യ അയ്യപ്പനെ സ്ട്രക്ചറിൽ ചുമലിലേറ്റി വിസിലൂതി തിക്കിനിടയിലൂടെ ഏ
റ്റവും അടുത്തുള്ള ആശുപത്രിയിൽ എത്തിക്കും. തുടർന്ന് അവർക്ക് ആവ
ശ്യമായ എല്ലാ സഹായവും നൽകുകയും ചെയ്യുന്നത് ഇവരുടെ കടമയാണ്.
215 പേരാണ് ശബരിമലയുടെ വിവിധ ഭാഗങ്ങളിലായി വിന്യസിച്ചിട്ടുള്ളത്.

സന്നിധാനത്ത് മാത്രം സ്ട്രക്ചറുമായി 50 പേരെയാണ് നിയോഗിച്ചിട്ടു
ള്ളത്. ഏറ്റവും കൂടുതൽ അയ്യപ്പൻമാർ ക്ഷീണിതരാവുകയും കുഴഞ്ഞ് വീഴു
കയും ചെയ്യുന്ന അപ്പാച്ചിമേട്ടിൽ 60 പേരും മരക്കൂട്ടത്ത് 30 പേരും സ്ട്രക്ചറു

മായി ഏത് സമയവും ഉ ാവും. കൂടാതെ ദേവസ്വം അന്നദാന മണ്ഡപത്തി നോട് ചേർന്ന് 10, പാ ിത്താവളം 10, വാവർ നട 10 എന്നിങ്ങനെയും അയ്യപ്പ സേവാ സംഘം പ്രവർത്തകരെ വിന്യസിച്ചിട്ടു ്. അത്യാവശ്യ സർവീസിനാ യി 25 പേരെ പ്രത്യേകം നിയോഗിച്ചിട്ടുമു ്.

നിലവിൽ 364 പ്രവർത്തകരാണ് ഡ്യൂട്ടിയിൽ ഉള്ളത്. അന്നദാന മണ്ഡപ ത്തിൽ ആഹാരം വിളമ്പുന്നതും അപ്പാച്ചിമേട്ടിലും മറ്റുമായി വെള്ളം വിതര ണം ചെയ്യുന്നതും ഓക്സിജൻ പാർലറിൽ നിൽക്കുന്നതും എല്ലാം അയ്യപ്പ സേവാ സംഘം പ്രവർത്തകർ തന്നെ. ചെറിയ പരിക്ക് പറ്റിവയർക്കും മറ്റു മായി സംഘത്തിന്റെ ആശുപത്രിയിൽ ഇതിനോടകം 6163 പേർക്ക് പ്രാഥമിക ചികിത്സ നൽകിക്കഴിഞ്ഞു.

അയ്യപ്പൻമാർക്ക് അന്നദാനം നൽകാനും സംഘത്തിന് പ്രത്യേക സംവി ധാനം ഉ ്. മാളികപ്പുറത്തിന് താഴെയുള്ള അന്നദാന മണ്ഡപത്തിൽ ദിനേന നൂറുകണക്കിന് അയ്യപ്പൻമാർക്കാണ് ഭക്ഷണം നൽകുന്നത്. രുചികരമായ പ്രാതലും ഉച്ചയൂണും രാത്രിഭക്ഷണവും എല്ലാം ഇവർ നൽകി വരുന്നു.

(പി.ആർ. ശബരി-338)

## ശീതളപാനീയത്തിന് വിലകൂട്ടി വിറ്റു : 10,000 പിഴ

അയ്യപ്പൻമാരിൽ നിന്നും ശീതളപാനീയത്തിന് വിലകൂട്ടി വാങ്ങിയതിന് കട ക്കാരന് 10,000 രൂപ പിഴചുമത്തി. നിലയ്ക്കലിൽ ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധനയിലാണ് ക്രമക്കേട് ക െത്തിയത്. ഇതേ കടക്കാരൻ പ്രഭാത ഭക്ഷണത്തിന് വിലകൂട്ടി വിറ്റതായും പരിശോധനാ സംഘം ക െ ത്തിയിരുന്നു. ഡ്യൂട്ടി മജിസ്ട്രേറ്റ് പ്രതാപന്റെ നേതൃത്വത്തിലുള്ള സംയുക്ത പരിശോധന നിലയ്ക്കലും പരിസര പ്രദേശങ്ങളും തുടരുകയാണ്.

(പി.ആർ. ശബരി-339)

## ആയുർവേദ ചികിൽസ തേടി ആന്ധ്രാ അയപ്പന്മാർ

സന്നിധാനം വലിയനടപ്പന്തലിലെ ആയുർവേദ ആശുപത്രിയിൽ ചികിൽസതേടി എത്തുന്നതിൽ അധികവും ആന്ധ്രയിൽ നിന്നുള്ള തീർഥാടകർ. തമിഴ്നാട്, കേരളം, കർണാടക അയ്യപ്പൻമാരും ഇവിടെ ചികിത്സതേടുന്നു ്. പനി, ജലദോഷം, ശരീരവേദന, ശ്വാസസംബന്ധമായ അസുഖങ്ങൾ എന്നിവയ്ക്കാണ് പ്രധാനമായും അയ്യപ്പൻമാർ ചികിത്സ തേടുന്നത്. ചീഫ് ഡോ. ശ്രീകാന്തിന്റെ മേൽനോട്ടത്തിൽ നാല് വിദഗ്ധ ഡോക്ടർമാരാണ് ഇവിടെ സേവനമനഷ്ഠിക്കുന്നത്. നാളിതുവരെ 23702 തീർഥാടകരാണ് ചികിൽസതേടിത്.

ദീർഘദൂരയാത്രക്ക് ശേഷം സന്നിധാനത്തെത്തുന്ന തീർഥാടകർക്ക്

സാധാരണയായി അനുഭവപ്പെടുന്ന കടുത്ത ശരീര വേദനയ്ക്ക് തിരുമ്മൽ അടക്കമുള്ള ചികിത്സാവിധികൾ ഇവിടെ ഉ ്. കൂടാതെ മരുന്ന് ആവി, നസ്യം തുടങ്ങിയ ചികിത്സാ മുറകളും പ്രയോജനപ്പെടുത്തുന്നു. തടവ് ചികിൽസയിൽ പ്രാഗത്ഭ്യം നേടിയ തിരുമ്മൽ വിദഗ്ധൻ ശരീരത്തിലെ വേദനയുള്ള ഭാഗത്ത് കർപ്പൂര എണ്ണയും കുഴമ്പും ചേർത്ത് പുരട്ടി നല്ലരീതിയിൽ തേച്ച് പിടിപ്പിക്കും. വേദനകുറയുന്നതു വരെ തിരുമ്മുകയും തുടർന്ന് ഇൻഫ്രാറെഡ് ലൈറ്റ് ഉപയോഗിച്ച് വേദന ശമിപ്പിക്കുകയും ചെയ്യും. തിരുമ്മൽ ചികിസയിൽ ശരീര വേദന വേഗം സുഖപ്പെടുകയും വേഗത്തിൽ മലയിറങ്ങാൻ സഹായിച്ചതും അനുഭവമുള്ള തരസംസ്ഥാന അയ്യപ്പന്മാർ ധാരാളമാണ്. കാലാവസ്ഥവ്യതിയാനത്താൽ അന്തരീക്ഷത്തിലുള്ള പൊടിപടലങ്ങൾ മൂലം അസ്വസ്ഥത അനുഭവിക്കുന്ന ധാരാളം പോലിസുകാരും ശ്വാസംമുട്ടൽ, ജലദോഷം, പനി തുടങ്ങിയ അസുഖങ്ങൾക്ക് ഇവിടെ ചികിത്സതേടാറു ്. ഡോക് ടർമാരായ പ്രമോദ്, ഗംഗാപ്രസാദ്, മനോജ്, മണികണ്ഠൻ തുടങ്ങിയവും ര ് തെറാപ്പിസ്റ്റുകളും അടക്കം ആകെ 14 ജീവനക്കാരാണ് ആയുർവേദ ആശുപത്രിയിൽ ഉള്ളത്.

(പി.ആർ. ശബരി-340)

## ഇന്ന് (ഡിസംബർ 22) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (ഡിസംബർ 22) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: ബിലു മെഡിക്കൽസ് പത്തനംതിട്ട, ബിലീവേഴ്സ് ചർച്ച് മെഡിക്കൽ സെന്റർ കോന്നി, കറ്റായിൽ മെഡിക്കൽസ് മാരാമൺ കോഴഞ്ചേരി, അപ്പോളോ മെഡിക്കൽസ് അടൂർ, ആറ്റിലേത്ത് മെഡിക്കൽസ് കുളനട പന്തളം, മെഡികെയർ ഫാർമസി കാവുംഭാഗം തിരുവല്ല, ഗ്രേസ് മെഡിക്കൽ സ്റ്റോർ പഴവങ്ങാടി റാന്നി, എംറ്റിഎംഎം ബഥനി ഹോസ്പിറ്റൽ റാന്നി.

(പി.ആർ. ശബരി-341)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(22.12.18)

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം

7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും ....

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.